**പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ**
**ഇന്ത്യാ ഗവൺമെന്റ്**
**തിരുവനന്തപുരം**
*******

# ഇലക്ടോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ കൃത്രിമം കാട്ടാനാവില്ലെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ; മറിച്ചുള്ള ആശങ്കകൾ അടിസ്ഥാനരഹിതം

ന്യൂഡൽഹി, മാർച്ച് 16, 2017

രാജ്യത്ത് തെരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ കൃത്രിമം കാട്ടാനാവാത്തവിധം സുരക്ഷിതമാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ സത്യസന്ധത സംരക്ഷിക്കുന്നതിന് വിനിയോഗിച്ചിട്ടുള്ള ഫലപ്രദമായ സാങ്കേതികവും നിർവ്വഹണപരവുമായ എല്ലാ രക്ഷാവ്യവസ്ഥകളുടെയും പശ്ചാത്തലത്തിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ യാതൊരു കൃത്രിമവും കാട്ടാനാവില്ലെന്ന് കമ്മീഷൻ ആവർത്തിച്ച് വ്യക്തമാക്കി.

അഞ്ച് സംസ്ഥാനങ്ങളിൽ അടുത്തിടെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലെ ഫലപ്രഖ്യാപനത്തിന് ശേഷം ചില രാഷ്ട്രീയ കക്ഷികൾ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യത ചോദ്യം ചെയ്തു കൊണ്ട് രംഗത്ത് വരികയുണ്ടായി. വ്യക്തമായ ആരോപണമില്ലാതെ ഈ മാസം 11 ന് ബി.എസ്.പി. ദേശീയ ജനറൽ സെക്രട്ടറി തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയ നിവേദനം വിശദമായ മറുപടിയോടെ അതേ ദിവസം തന്നെ കമ്മീഷൻ നിരസിച്ചിരുന്നു. ഇതിന്റെ പൂർണ്ണ രൂപം തെരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റായ www.eci.nic.in. ൽ ലഭ്യമാണ്.

1977 ഡിസംബറിലാണ് ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം എന്ന ആശയം തെരഞ്ഞെടുപ്പ് കമ്മീഷൻ മുന്നോട്ട് വച്ചത്. 1951 ലെ ജനപ്രാതിനിധ്യ നിയമം ഭേദഗതി ചെയ്തുകൊണ്ട് 1988 ഡിസംബറിലാണ് 61 എ എന്ന ഉപവകുപ്പ് നിയമത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ട് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിക്കാൻ കമ്മീഷനെ അധികാരപ്പെടുത്തിയത്. 1989 മാർച്ച് 15 മുതൽ ഭേദഗതി ചെയ്യപ്പെട്ട വകുപ്പിന് പ്രാബല്യം കൈവന്നു.

1990 ജനുവരിയിൽ നിയമിച്ച തെരഞ്ഞെടുപ്പ് പരിഷ്ക്കരണ സമിതി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിലയിരുത്തലിനായി ഒരു സാങ്കേതിക വിദഗ്ദ്ധ സമിതി രൂപീകരിച്ചു. തെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങൾ ഉപയോഗിക്കുന്നത് തികച്ചും സുരക്ഷിതമായ സംവിധാനമാണെന്ന് സമിതി വിലയിരുത്തി. ഒട്ടും കാലതാമസം കൂടാതെ ഇവ തെരഞ്ഞെടുപ്പുകളിൽ

ഉപയോഗിക്കണമെന്ന് 1990 ഏപ്രിലിൽ സമിതി ഐക്യകണ്ഠേന ഗവൺമെന്റിനോട് ശുപാർശ ചെയ്തു.

2000 ത്തിന് ശേഷം സംസ്ഥാന നിയമസഭകളിലേയ്ക്ക് നടന്ന 107 പൊതു തെരഞ്ഞെടുപ്പുകളിലേയ്ക്കും, 2004, 2009, 2014 എന്നീ വർഷങ്ങളിൽ നടന്ന മൂന്ന് ലോക്സഭാ തെരഞ്ഞെടുപ്പുകളിലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളാണ് ഉപയോഗിച്ചത്.

2001 ന് ശേഷം കേരളമുൾപ്പെടെ അഞ്ച് ഹൈക്കോടതികളിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ കൃത്രിമം കാട്ടാനുള്ള സാധ്യത ഉന്നയിക്കപ്പെട്ടു. ഈ അഞ്ച് ഹൈക്കോടതികളും തെരഞ്ഞെടുപ്പുകളിൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ സാങ്കേതികവും നിർവ്വഹണപരവുമായ എല്ലാ വശങ്ങളും പരിശോധിച്ച ശേഷം ഇവ തികച്ചും വിശ്വാസ്യതയുള്ളതും, ആശ്രയിക്കാവുന്നതും പൂർണ്ണമായും കൃത്രിമങ്ങൾക്ക് അതീതവുമാണെന്നും കണ്ടെത്തി.

2009 ൽ ഇതേ വിഷയം ഉന്നയിച്ച് സുപ്രീം കോടതിയിൽ ഹർജി നൽകിയപ്പോൾ തെരഞ്ഞെടുപ്പ് കമ്മീഷനെ സമീപിക്കാനാണ് പരമോന്നത കോടതി ആവശ്യപ്പെട്ടത്. ഇതേ തുടർന്ന തെരഞ്ഞെടുപ്പ് കമ്മീഷൻ ഇവരുമായി ചർന്ന നടത്തുകയും കമ്മീഷന്റെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ എപ്രകാരം കൃത്രിമം കാട്ടാമെന്ന് തുറന്ന വെല്ലുവിളി ഉയർത്തുകയും ചെയ്തു. എന്നാൽ നിരവധി അവസരങ്ങൾ നൽകിയിട്ടും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ കൃത്രിമം നടത്താൻ കഴിഞ്ഞില്ല. ഇവയെല്ലാം വീഡിയോയിൽ ചിത്രീകരിച്ചിട്ടുമുണ്ട്. 2009 ആഗസ്റ്റ് 3 മുതൽ 8 വരെ അസാധാരണമായൊരു നടപടിയിലൂടെ ഇലക്ട്രോണിക്ക് വോട്ടിംഗ് യന്ത്രങ്ങൾ സംബന്ധിച്ച ആരോപണങ്ങൾ ഉന്നയിച്ചവരെ അത് തെളിയിക്കാനായി കമ്മീഷൻ നേരിട്ട് ക്ഷണിച്ചിരുന്നു. 10 സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ട് വന്ന 100 വോട്ടിംഗ് യന്ത്രങ്ങൾ കമ്മീഷൻ ആസ്ഥാനത്ത് പരിശോധനയ്ക്കായും ഏത് തരത്തിലുമുള്ള കൃത്രിമം കാട്ടാനുമായി പ്രദർശിപ്പിച്ചിരുന്നു. സാങ്കേതിക വിദഗ്ദ്ധരുടെയും ഇല്ക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ നിർമ്മാതാക്കളായ വി.ഇ.എൽ, ഇ.സി.ഐ.എൽ എന്നിവയുടെ എഞ്ചിനിയർമാരുടെയും സാന്നിദ്ധ്യവും ഉറപ്പുവരുത്തിയിരുന്നു. എന്നാൽ പരാതി ഉന്നയിച്ച ഒരാൾക്ക് പോലും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ കൃത്രിമം കാട്ടാനാവുമെന്ന് തെളിയിക്കാനായില്ല. ഇതിനിടെ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളിൽ കൃത്രിമം കാട്ടാനാകുമെന്ന തരത്തിലുള്ള ചില ദൃശ്യങ്ങൾ ചില ടെലിവിഷൻ ചാനലുകളിൽ പ്രത്യക്ഷപ്പെട്ടുവെങ്കിലും അവയൊന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളല്ലെന്ന് തെളിയുകയുണ്ടായി.

2010 ൽ തെരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച് ചേർത്ത യോഗത്തിൽ അസം, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള ഏതാനും രാഷ്ട്രീയ കക്ഷികൾ ഒഴികെ

മറ്റെല്ലാവരും ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ പ്രവർത്തനത്തിൽ തൃപ്തി രേഖപ്പെടുത്തി. ഈ ഘട്ടത്തിലാണ് വോട്ടർ വെരിഫൈയബിൾ പേപ്പർ ഓഡിറ്റ് ട്രയൽ അഥവാ വി.വി. പാറ്റ് സംവിധാനത്തെ കുറിച്ചുള്ള ആശയം മുന്നോട്ട് വച്ചത്.

2009 ൽ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യത ചോദ്യം ചെയ്തു കൊണ്ട് ഡൽഹി ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒരു കേസിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വിശദമായ മറുപടിയിൽ തൃപ്തി രേഖപ്പെടുത്തിയ കോടതി 2012 ൽ കേസ് തീർപ്പാക്കികൊണ്ട് രാഷ്ട്രീയ കക്ഷികളുമായി വിശദമായ കൂടിയാലോചനകൾക്ക് ശേഷം വി.വി.പാറ്റ് സംവിധാനം വികസിപ്പിക്കാൻ നിർദ്ദേശം നൽകി.

**ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ സാങ്കേതിക സുരക്ഷിതത്വം**

ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടുന്നതിൽ നിന്ന് വോട്ടിംഗ് യന്ത്രങ്ങളെ സംരക്ഷിക്കുന്നത് അതിലുപയോഗിച്ചിരിക്കുന്ന ഇലക്ട്രോണിക് സാങ്കേതികവിദ്യയും പ്രത്യേക സോഫ്റ്റ്‌വെയറുമാണ്. വയർ മുഖേനയോ, വയർലെസ് സംവിധാനം മുഖേനയോ മറ്റോരു യന്ത്രവുമായോ സംവിധാനവുമായോ ഈ യന്ത്രങ്ങൾ ബന്ധിപ്പിച്ചിട്ടില്ല എന്നതും ഒരു സവിശേഷതയാണ്. അതിനാൽ തന്നെ ഇതിനുള്ളിൽ ശേഖരിക്കുന്ന വിവരങ്ങളിൽ കൃത്രിമം കാട്ടാനുമാകില്ല. നിരവധി കർശന പരിശോധനകൾക്കും നിരീക്ഷണങ്ങൾക്കും ശേഷമാണ് യന്ത്രത്തിന്റെ സോഴ്സ് കോഡ്, മെഷീൻ കോഡ് എന്നിവ രൂപ കൽപ്പന ചെയ്തിട്ടുള്ളത്. ഈ യന്ത്രങ്ങളുടെ ഗുണനിലവാരം സംരക്ഷിക്കാൻ പ്രത്യേക വിഭാഗം തന്നെയുണ്ട്.

ബാലറ്റ് യൂണിറ്റും കൺട്രോൾ യൂണിറ്റും തമ്മിലുള്ള ഡൈനമിക് കോഡിംഗ്, റിയൽ ടൈം ക്ലോക്ക്, ഡിസ്പ്ലെ സംവിധാനം, വോട്ടിംഗ് മെഷീനിൽ വിരൽ അമർത്തുമ്പോൾ തീയതിയും, സമയവും രേഖപ്പെടുത്തുന്ന സംവിധാനം തുടങ്ങിയവ 2006 മുതൽ നിലവിൽ വന്നു.

ഇന്ത്യയിൽ തദ്ദേശിയമായി നിർമ്മിക്കുന്ന ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും വിദേശ രാജ്യങ്ങളിൽ ഉപയോഗിക്കുന്നവയും തമ്മിലുള്ള താരതമ്യം അസ്ഥാനത്താണ്. മറ്റ് രാജ്യങ്ങളിൽ ഉപയോഗിക്കുന്ന സംവിധാനങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിത ഇന്റർനെറ്റ് കണക്ടിവിറ്റിയോട് കൂടിയവയാണ്. അതിനാൽ തന്നെ അവ ഹാക്ക് ചെയ്യപ്പെടാനും സാധ്യതയുണ്ട്. എന്നാൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ വോട്ടിംഗ് യന്ത്രങ്ങളിൽ ഉപയോഗിക്കുന്ന ചിപ്പ് നിർമ്മാണ വേളയിൽ ഒറ്റത്തവണ പ്രോഗ്രാം ചെയ്യപ്പെട്ടവയാണ്. നിർമ്മാണത്തിന് ശേഷ അവയിൽ യാതൊന്നും രേഖപ്പെടുത്താനാവില്ല. അതിനാൽ തന്നെ വിദേശ രാജ്യങ്ങളിലെ വോട്ടിംഗ് യന്ത്രങ്ങളുമായോ അവലംബിക്കുന്ന പ്രക്രിയയുമായുള്ള താരതമ്യവും അസ്ഥാനത്താണ്.

**<u>നിർവ്വഹണ വേളയിലെ സുരക്ഷ ക്രമീകരണങ്ങൾ</u>**

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ ഉപയോഗത്തിൽ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഓരോ ഘട്ടത്തിലും വിപുലവും ഫലപ്രദവും, സുതാര്യവുമായ നടപടിക്രമങ്ങളാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ അവലംബിച്ചിട്ടുള്ളത്. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യതയും കാര്യക്ഷമതയും ഉറപ്പുവരുത്താൻ എല്ലാ ഘട്ടങ്ങളിലും രാഷ്ട്രീയ കക്ഷികൾ, സ്ഥാനാർത്ഥികൾ, അവരുടെ പ്രതിനിധികൾ എന്നുവരുടെ പങ്കാളിത്തവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

വോട്ടെടുപ്പിലെ സുതാര്യത വർദ്ധിപ്പിക്കുന്നതിന് 2010 ൽ രാഷ്ട്രീയ കക്ഷികളുമായി നടത്തിയ ചർച്ചയെ തുടർന്നാണ് വി.വി.പാറ്റ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. ഈ സംവിധാനത്തിൻ കീഴിൽ ബാലറ്റിംഗ് യൂണിറ്റിനോട് അനുബന്ധിച്ച് ഒരു പ്രിന്റർ ഘടിപ്പിക്കും. ഓരോ വോട്ടും രേഖപ്പെടുത്തുമ്പോഴും അതാത് സ്ഥാനാർത്ഥിയുടെ പേരും, ചിഹ്നവും വ്യക്തമാക്കുന്ന ഒരു പേപ്പർ സ്ലിപ്പ് സമ്മതിദായകന് ഏഴ് സെക്കന്റ് നേരത്തേയ്ക്ക് കാണാൻ കഴിയും. വോട്ടെണ്ണൽ വേളയിൽ തർക്കമുണ്ടായാൽ ഫലം പരിശോധിക്കാൻ ഈ സ്ലിപ്പ് ഉപയോഗിക്കാം. 2013 ലെ നാഗാലാന്റ് ഉപ തെരഞ്ഞെടുപ്പിലാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ വി.വി.പാറ്റ് ആദ്യമായി വിജയകരമായി ഉപയോഗിച്ചത്. തുടർന്ന് ഘട്ടം ഘട്ടമായി ഇത് വ്യാപകമാക്കാൻ നിർദേശം നൽകുകയും ഇതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു.

ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുന്നത് ഇത് ആദ്യമല്ല. മുൻപും ഇത്തരത്തിൽ ആരോപണങ്ങളും സംശയങ്ങളും ഉന്നയിക്കപ്പെട്ടപ്പോഴൊക്കെ ഈ യന്ത്രങ്ങൾ കൃത്രിമങ്ങൾക്ക് അതീതമാണെന്ന വസ്തുത തെരഞ്ഞെടുപ്പ് കമ്മീഷൻ തെളിയിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കൽപോലും മറിച്ച് തെളിയിക്കാൻ ആരോപണങ്ങൾ ഉന്നയിച്ചവർക്ക് കഴിഞ്ഞിട്ടില്ല.

ചില രാഷ്ട്രീയ കക്ഷികൾ ഇപ്പോൾ ഉന്നയിച്ച ഇത്തരത്തിലുള്ള പൊതുവായ എല്ലാ ആരോപണങ്ങളും അടിസ്ഥാന രഹിതമാണെന്നും അവ തള്ളികളയുകയാണെന്നും കമ്മീഷൻ അറിയിച്ചു. ഏതെങ്കിലും വ്യക്തമായ ആരോപണങ്ങൾ വസ്തുതകളുടെ അടിസ്ഥാത്തിൽ സമർപ്പിച്ചാൽ അവ പരിശോധിക്കുമെന്നും കമ്മീഷൻ വ്യക്തമാക്കി.

ND MRD - 252

***